(സി) വിധിയുടെ അടിസ്ഥാനത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി എടുത്തുവരുന്നു.

(ഡി) ബോർഡിന്റെ ലാബറട്ടറികളിലെ പരിശോധനാ സംവിധാനങ്ങൾ കേന്ദ്രപരിസ്ഥിതി-വന മന്ത്രാലയത്തിന്റെ രണ്ടര കോടി രൂപ സാമ്പത്തിക സഹായത്തോടെ വിപുലീകരിക്കുകയും ചെയ്തുവരുന്നു. ബോർഡിലെ മാനവശേഷി വിപുലീകരണം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ബോർഡിന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കൽ, ബോർഡിന്റെ ഒഴിവ് വരുന്ന പ്രാരംഭ തസ്തികകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷനെക്കൊണ്ട് റിക്രൂട്ട്മെന്റ് നടത്തിക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാർ നടപടി കൈക്കൊണ്ടുവരുന്നു.

ഗവൺമെന്റ് ഹോമിയോ ആശുപത്രികൾ

173 [2666] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

„ വർക്കല കഹാർ:

„ ടി. യു. രാധാകൃഷ്ണൻ:

„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രികളുടെ സേവനം പ്രതിവർഷം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 31 എണ്ണം.

(ബി) ഈ ആശുപത്രികൾ വഴി 2003-04-ൽ 21,980 ഐ.പി. രോഗികൾക്കും 25,95,172 ഒ.പി. രോഗികൾക്കും (ആവർത്തന കേസ് ഉൾപ്പെടെ) ചികിൽസ നൽകിയിട്ടുണ്ട്. കൂടാതെ പ്രതിരോധമരുന്ന് വിതരണവും നടത്തുന്നുണ്ട്. ഇവ നിർത്തലാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി

174 [2667] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹോമിയോ ഡിസ്പെൻസറിയില്ലാത്ത പഞ്ചായത്തുകളിൽ ഇതാരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി യില്ലാത്ത മുഴുവൻ പഞ്ചായത്തിലും ഇതാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ ഡിസ്പെൻസറികളുടെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത 505 പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്.

(ബി—ഇ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം എങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ഇതിന് തടസ്സമാകുന്നുണ്ട്. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. ഇത്തരത്തിലുള്ള പഞ്ചായത്തു കളുടെ അപേക്ഷകൾ മുൻഗണനാക്രമത്തിൽ കൺസോളിഡേറ്റഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുന്ന മുറക്ക് കൂടുതൽ ഡിസ്പെൻസറികൾ അനുവദിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി

175 [2668] ശ്രീ. ജോണി നെല്ലൂർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ നയമെങ്കിലും സാമ്പത്തിക ബാദ്ധ്യത ഇതിനു തടസ്സമാകുന്നുണ്ട്. സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ അപേക്ഷയുടെ മുൻഗണനാക്രമത്തിലും സർക്കാരിന്റെ സാമ്പത്തിക പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ടും കൂടുതൽ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly